ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 20.09.2024

TIME : 07.25 AM

## പ്രധാന വാർത്തകൾ

1. പിഎം വിശ്വകർമ്മ പദ്ധതിയുടെ ഒന്നാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ഇന്ന് മഹരാഷ്ട്രയിലെ വർധയിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും.

   **Prime Minister Narendra Modi will visit Wardha in Maharashtra today. He will participate in the National 'PM Vishwakarma' Programme, marking one year of progress under the PM Vishwakarma.**

2. തിരുവനന്തപുരത്ത് കേന്ദ്രമന്ത്രി ജോർജ്ജ് കുര്യനും കോഴിക്കോട് കേന്ദ്രമന്ത്രി സുരേഷ് ഗോപിയും പിഎം വിശ്വകർമ്മ പദ്ധതി വാർഷിക പരിപാടികളിൽ പങ്കെടുക്കും.

   **Union Minister George Kurien and Union Minister Suresh Gopi will participate in PM Vishwakarma scheme annual events at Thiruvananthapuram and Kozhikode respectively.**

3. പ്രധാനമന്ത്രിയുടെ മൂന്ന് ദിവസത്തെ അമേരിക്കൻ സന്ദർശനത്തിന് നാളെ തുടക്കമാവും; നയ തന്ത്രതലത്തിൽ ഇന്ത്യയുടെ ശബ്ദത്തിന് ഏറെ പ്രാധാന്യമുണ്ടെന്ന് യുഎൻ സെക്രട്ടറി ജനറലിൻറെ വക്താവ് സ്റ്റെഫാൻ ദുജാറിക്.

   **Prime Minister's three-day US visit begins tomorrow; The spokesperson for the United Nations Secretary-General, Stephane Dujarric, said that Prime Minister Narendra Modi's as well as India's, voice in diplomacy is a very loud and important one.**

4. കുഷ്ഠരോഗം നിർമ്മാജനം ചെയ്യുന്ന ലോകത്തെ ആദ്യ രാജ്യമായി ജോർദ്ദാനെ ലോകാരോഗ്യസംഘടന പ്രഖ്യാപിച്ചു.

**Jordan becomes first country in the world to completely eliminate leprosy.**

5. മലപ്പുറത്ത് എം പോക്സ് രോഗം സ്ഥിരീകരിച്ച വ്യക്തിക്ക് പിടിപെട്ട വൈറസിന്റെ വകഭേദം കണ്ടെത്താൻ ജീനോം സീക്വൻസിങ് നടത്തും.

**Genome sequencing will be done to find out the variant of the virus contracted by the person diagnosed with M. pox in Malappuram.**

6. ചെസ് ഒളിമ്പ്യാഡിൽ മെഡൽ പ്രതീക്ഷ സജീവമാക്കി ഇന്ത്യ; ബംഗ്ലാദേശിനെതിരായ ടെസ്റ്റ് ക്രിക്കറ്റിൽ രണ്ടാംദിനമായ ഇന്ന് ഇന്ത്യ ബാറ്റിംങ് പുനഃരാരംഭിക്കും.

**India keeps medal hopes alive in 45th Chess Olympiad; In Chennai cricket Test, India will resume batting on the second day against Bangladesh.**

*****************************************************

## HEADLINE-1

## PM - MAHARASHTRA(INTRO)

പിഎം വിശ്വകർമ്മ പദ്ധതിയുടെ ഒന്നാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ഇന്ന് മഹരാഷ്ട്രയിലെ വർധയിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. പദ്ധതിയുടെ ഗുണഭോക്താക്കൾക്കുള്ള സർട്ടിഫിക്കറ്റുകളും വായ്പകളും അദ്ദേഹം വിതരണം ചെയ്യും. മഹാരാഷ്ട്രയിൽ വിവിധ പദ്ധതികളുടെ ഉദ്ഘാടനവും നിർവഹിക്കും.

**വിശദാംശങ്ങളിലേക്ക്......**

(വോയിസ്)

*പിഎം വിശ്വകർമ്മ പദ്ധതിക്ക് കീഴിൽ കരകൗശലത്തൊഴിലാളികൾക്ക് നൽകുന്ന പിന്തുണയുടെ ഭാഗമായി 18 ട്രേഡുകളുടെ കീഴിലുള്ള 18 ഗുണഭോക്താക്കൾക്ക് ചടങ്ങിൽ പ്രധാനമന്ത്രി വായ്പ വിതരണം ചെയ്യും. പദ്ധതിയുടെ ഒന്നാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സ്മരണിക സ്റ്റാമ്പുകളും പുറത്തിറക്കും. അമരാവതിയിൽ മഹാരാഷ്ട്ര ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ നേതൃത്വത്തിൽ വികസിപ്പിക്കുന്ന പ്രധാനമന്ത്രി മെഗാ ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ റീജിയൻസ് ആൻഡ് അപ്പാരൽ പാർക്കിന്റെ തറക്കല്ലിടലും നിർവഹിക്കും. മഹാരാഷ്ട്ര സർക്കാരിന്റെ "ആചാര്യ ചാണക്യ നൈപുണ്യ വികസന കേന്ദ്രം" പദ്ധതിയും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. 15 നും 45 നും ഇടയിൽ പ്രായമുള്ള യുവാക്കൾക്ക് പരിശീലനം നൽകുന്നതിനായി സംസ്ഥാനത്തെ പ്രശസ്തമായ കോളേജുകളിൽ നൈപുണ്യ വികസന പരിശീലന കേന്ദ്രങ്ങൾ പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കും. സ്ത്രീകൾ നയിക്കുന്ന സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതിയും ഉദ്ഘാടനം ചെയ്യും.*

***ന്യൂസ് ഡെസ്ക് ആകാശവാണി..***

*******************************************

## HEADLINE-2
## PM VISWAKARMA-KERALA

പി എം വിശ്വകർമ്മ പദ്ധതിയുടെ ഒന്നാം വാർഷികാഘോഷത്തിന്റെ ഭാഗമായി ഇന്ന് തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന പരിപാടി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും. കഴക്കൂട്ടം നാഷണൽ സ്കിൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിമണിൽ നടക്കുന്ന പരിപാടിയിൽ പദ്ധതി ഗുണഭോക്താക്കൾക്കുള്ള സർട്ടിഫിക്കറ്റുകൾ അദ്ദേഹം വിതരണം ചെയ്യും. കോഴിക്കോട് സംഘടിപ്പിക്കുന്ന പരിപാടിയിൽ കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയാകും. സർട്ടിഫിക്കറ്റ് വിതരണം നിർവഹിക്കുന്ന അദ്ദേഹം കരകൗശല വിദഗ്ധരുമായി സംവദിക്കും. വാർധയിൽ പ്രധാനമന്ത്രി പങ്കെടുക്കുന്ന പരിപാടിയുടെ തത്സമയ പ്രദർശനവും ഉണ്ടാകും.

*******************************************

## HEADLINE-3

## MEA-PM US VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൂന്ന് ദിവസത്തെ അമേരിക്കൻ സന്ദർശനത്തിന് നാളെ തുടക്കം. വിൽമിങ്ടണിൽ 21-ന് നടക്കുന്ന ക്വാഡ് നേതൃതല ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. ലോക നേതാക്കളുമായുള്ള ഉഭയകക്ഷി ചർച്ചകളും നടത്തും. തുടർന്ന് ന്യൂയോർക്കിലെത്തുന്ന പ്രധാനമന്ത്രി അമേരിക്കയിലെ ഇന്ത്യൻ സമൂഹവുമായി സംവദിക്കും. 23 ന് ഐക്യരാഷ്ട്ര പൊതുസഭയിൽ നടക്കുന്ന ഉച്ചകോടിയേയും അദ്ദേഹം അഭിസംബോധന ചെയ്യും.

*******************************************

## HEADLINE-3A

## UN SECY GENERAL-PM MODI

നയതന്ത്രമേഖലയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആഗോള ഔന്നത്യത്തെ പ്രകീർത്തിച്ച് യുഎൻ സെക്രട്ടറി ജനറലിന്റെ വക്താവ് സ്റ്റെഫാൻ ദുജാറിക്. നയതന്ത്രതലത്തിൽ ഇന്ത്യയ്ക്കും പ്രധാനമന്ത്രി നരേന്ദ്രമോദിക്കും പ്രമുഖ സ്ഥാനമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പ്രധാനമന്ത്രി മോദിയുടെ യുഎസ് സന്ദർശനം സന്തോഷത്തോടെ ഉറ്റുനോക്കുന്നതായും അദ്ദേഹം പറഞ്ഞു.

*******************************************

## PRESIDENT- RANCHI

റാഞ്ചിയിലെ ICAR - നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സെക്കൻഡറി അഗ്രികൾച്ചറിന്റെ ശതാബ്ദി ആഘോഷങ്ങളിൽ ഇന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പങ്കെടുക്കും. ഝാർഖണ്ഡ് ഗവർണർ സന്തോഷ് കുമാർ ഗാംഗ്വാർ, കേന്ദ്രമന്ത്രിമാരായ ശിവരാജ് സിംഗ് ചൗഹാൻ, സഞ്ജയ് സേത്ത്, മുഖ്യമന്ത്രി ഹേമന്ത് സോറൻ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

*******************************************

## VP- MEDIA

മാധ്യമങ്ങൾ വ്യക്തി കേന്ദ്രീകൃത സമീപനത്തിൽ നിന്ന് മാറി ദേശീയ വളർച്ചയിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. രാജ്യത്തെ വികസന വാർത്തകളിൽ മാധ്യമങ്ങൾ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണം. പാർലമെന്റ് ഹൗസിൽ "സൻസദ് ടിവി" കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

*******************************************

## VP- VISIT

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ഇന്ന് കേന്ദ്രഭരണ പ്രദേശമായ ദാദ്രാ നഗർ ഹവേലി ദാമൻ ദിയു സന്ദർശിക്കും. വിവിധ അടിസ്ഥാന സൗകര്യ- വികസന പദ്ധതികൾക്ക് ഉപരാഷ്ട്രപതി തുടക്കം കുറിക്കും.

*******************************************

## WAQF MEETING

വഖഫ് ഭേദഗതി ബിൽ സംബന്ധിച്ച പാർലമെന്റിന്റെ സംയുക്ത സമിതിയുടെ യോഗം ഇന്നലെ ന്യൂഡൽഹിയിൽ ചേർന്നു. ലോക്സഭാ എംപി ജഗദാംബിക പാലിന്റെ അധ്യക്ഷതയിലാണ് സമിതി രൂപീകരിച്ചിരിക്കുന്നത്. വഖഫ് സ്വത്തുക്കളുടെ ഭരണത്തിന്റെയും നടത്തിപ്പിന്റെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ബിൽ. ഭേദഗതി നിർദേശങ്ങൾ ലോക്സഭാ വെബ്സൈറ്റിൽ ഹിന്ദിയിലും ഇംഗ്ലീഷിലും ലഭ്യമാണ്.

*******************************************

## SHIRUR

കർണാടകയിലെ ഷിരൂരിൽ ഗംഗാവലിപ്പുഴയിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനായുള്ള തിരച്ചിൽ ഇന്ന് പുനരാരംഭിച്ചേക്കും. ഇതിനായി കാർവാറിൽ നിന്നുള്ള

ഡ്രഡ്ജർ സ്ഥലത്ത് എത്തിച്ചു. ശക്തമായ മഴയിൽ കഴിഞ്ഞ ജൂലൈ 16 നുണ്ടായ മണ്ണിടിച്ചിലിലാണ് അർജുനെ കാണാതായത്.

*******************************************

## HEADLINE-5

## M POX

മലപ്പുറം ജില്ലയിൽ എം പോക്സ് രോഗം സ്ഥിരീകരിച്ച വ്യക്തിക്ക് പിടിപെട്ട വൈറസിന്റെ വകഭേദം കണ്ടെത്താൻ ജീനോം സീക്വൻസിങ് നടത്തുമെന്ന് മന്ത്രി വീണാ ജോർജ്. എം പോക്സ് ബാധിച്ച രോഗിയുടെ നില തൃപ്തികരമാണ്. സമ്പർക്ക പട്ടികയിൽ 23 പേരാണുള്ളതെന്നും മന്ത്രി അറിയിച്ചു.

*******************************************

## NIPAH

നിപ ബാധയുമായി ബന്ധപ്പെട്ട് ഇതുവരെ 37 പേരുടെ പരിശോധനാ ഫലം നെഗറ്റീവായി. മന്ത്രി വീണ ജോർജിന്റെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്ന് സ്ഥിതി വിലയിരുത്തി. രണ്ടു പേരെകൂടി പുതുതായി സമ്പർക്ക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രോഗലക്ഷണങ്ങളുമായി രണ്ടു പേരെ മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

*******************************************

## HEADLINE-4

## WHO- JORDAN- LEPROSY

കുഷ്ഠരോഗം നിർമാർജനം ചെയ്ത ലോകത്തിലെ ആദ്യത്തെ രാജ്യമായി ജോർദാനെ ലോകാരോഗ്യസംഘടന പ്രഖ്യാപിച്ചു. രണ്ട് പതിറ്റാണ്ടിലേറെയായി കുഷ്ഠരോഗം ജോർദാൻ റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് ലോകാരോഗ്യ സംഘടന സ്ഥിരീകരിച്ചു. ആഗോള പൊതുജനാരോഗ്യ രംഗത്തെ സുപ്രധാന നാഴികക്കല്ലാണിതെന്നും സംഘടന വിലയിരുത്തി.

********************************************

## PASSPORT OFFICE

സാങ്കേതിക അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ പാസ്പോർട്ട് സേവാ പോർട്ടൽ ഇന്നു രാത്രി 8 മണി മുതൽ തിങ്കളാഴ്ച വൈകുന്നേരം 06.00 മണി വരെ പ്രവർത്തനരഹിതമായിരിക്കുമെന്ന് അധികൃതർ അറിയിച്ചു.

********************************************

## HEADLINE-6
## CHESS OLYMPIAD

ചെസ് ഒളിമ്പ്യാഡിൽ മെഡൽപ്രതീക്ഷ സജീവമാക്കി ഇന്ത്യൻ ടീമുകൾ. ഓപ്പൺ വിഭാഗത്തിലും വനിതാവിഭാഗത്തിലും പരാജയമറിയാതെ ഇന്ത്യ മുന്നേറുന്നു. ഓപ്പൺ വിഭാഗത്തിൽ എട്ടാം റൗണ്ടിൽ ഇന്ത്യ ഇറാനെ തോൽപ്പിച്ചു. നിലവിൽ ഇന്ത്യ 16 പോയിൻറുമായി മുന്നിലാണ്.

********************************************

## HEADLINE-6A
## NT. INDIA BANGLADESH CRICKET TEST

ചെന്നൈയിൽ നടക്കുന്ന ഇന്ത്യ-ബംഗ്ലാദേശ് ടെസ്റ്റ് ക്രിക്കറ്റിന്റെ രണ്ടാം ദിനമായ ഇന്ന് ഇന്ത്യ ഒന്നാം ഇന്നിംഗ്സ് ബാറ്റിങ് പുനരാരംഭിക്കും. ആദ്യ ദിനം പിരിയുമ്പോൾ, ബംഗ്ലാദേശിനെതിരെ ആറ് വിക്കറ്റ് നഷ്ടത്തിൽ ഇന്ത്യ 339 റൺസ് എടുത്തിട്ടുണ്ട്. 102 റൺസുമായി രവിചന്ദ്രൻ അശ്വിനും, 86 റൺസുമായി രവീന്ദ്ര ജഡേജയുമാണ് ക്രീസിൽ.

********************************************

## ISL

സുനിൽ ഛേത്രിയുടെ ഇരട്ടഗോൾ മികവിൽ ബെംഗളൂരു എഫ്സിക്ക് ഇന്ത്യൻ സൂപ്പർലീഗ് ഫുട്ബോളിൽ തുടരെ രണ്ടാം

ജയം. മുൻ ചാമ്പ്യരായ ഹൈദരാബാദ് എഫ്.സിയെ എതിരില്ലാത്ത മൂന്നു ഗോളുകൾക്കാണ് ബെംഗളൂരു പരാജയപ്പെടുത്തിയത്.

*******************************************

## BADMINTON - CHINA OPEN

ചൈന ഓപ്പൺ ബാഡ്മിന്റൺ ചാംപ്യൻഷിപ് വനിതാ സിംഗിൾസ് ക്വാർട്ടർഫൈനലിൽ ഇന്ത്യയുടെ മാള് വിക ബൻസോട് ഇന്നിറങ്ങും. രണ്ടു തവണ ലോക ചാമ്പ്യനായ ജപ്പാന്റെ അകാനേ യമഗുച്ചിയാണ് എതിരാളി.

*******************************************

## WOMEN CYCLING CHAMPIONSHIP

ദക്ഷിണേന്ത്യ ഖേലോ ഇന്ത്യ വനിതാ സൈക്ലിങ് ചാംപ്യൻഷിപ് കാര്യവട്ടം LNCPE വെലോഡ്രോമിൽ പുരോഗമിക്കുന്നു. വിവിധ സംസ്ഥാനങ്ങളിൽ നിന്ന് 150 ൽ ഏറെ മത്സരാർഥികൾ പങ്കെടുക്കുന്നു. ചാംപ്യൻഷിപ് ഇന്ന് സമാപിക്കും.

*******************************************

## SREE NARAYANA GURU SAMADHI

ശ്രീ നാരായണഗുരുവിന്റെ സമാധിദിനം നാളെ ശിവഗിരി മഠത്തിൽ ആചരിക്കും. നാമജപം, ഉപവാസം, മഹാസമാധി പ്രാർഥന, അന്നദാനം തുടങ്ങിയ ചടങ്ങുകളോടെയാണ് ദിനാചരണം. സമാധി സമ്മേളനം മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്യും.

*******************************************

## RAIN-KERALA

ഇന്ന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളിൽ ഒറ്റപ്പെട്ട ഇടങ്ങളിൽ നേരിയ മഴയ്ക്കു സാധ്യത. ഇടുക്കി ജില്ലയിൽ മണിക്കൂറിൽ

40 കിലോമീറ്ററിൽ താഴെ വേഗത്തിൽ വീശുന്ന കാറ്റിനും സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

*********************************************

## ISRAEL -HEZBOLLAH CONFLICT

ഇസ്രയേലും ലബനീസ് സായുധസംഘമായ ഹിസ്ബുള്ളയും തമ്മിലുള്ള സംഘർഷം വർധിച്ചത് മേഖലയിൽ യുദ്ധഭീതി സൃഷ്ടിക്കുന്നു. ലെബനനിൽ ആശയവിനിമയ ഉപകരണങ്ങളുടെ സ്ഫോടന പരമ്പര ഉണ്ടായതിൽ ഇസ്രയേലിനെ കുറ്റപ്പെടുത്തി ഹിസ്ബുള്ള നേതാവ് ഹസൻ നസ്റള്ള രംഗത്തെത്തി. പ്രതികാര നപടി ഉണ്ടാകുമെന്നും പ്രഖ്യാപിച്ചു. അതേസമയം, ലെബനനിലെ സൈനിക നടപടികൾ തുടരുമെന്ന് ഇസ്രായേൽ പ്രതിരോധ മന്ത്രി യോവ് ഗാലന്റ് പ്രഖ്യാപിച്ചു.

*********************************************

## K RAJAN

പ്രവാസികൾക്ക് കേരളത്തിൽ ഉടമസ്ഥതയിലുള്ള ഭൂമിയുടെ നികുതി ഓൺലൈനായി അടയ്ക്കാൻ സൗകര്യമൊരുക്കുമെന്ന് മന്ത്രി കെ.രാജൻ പറഞ്ഞു. ആലത്തൂർ താലൂക്ക്തല പട്ടയമേള ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

*********************************************

## RISING RAJASTHAN

'റൈസിംഗ് രാജസ്ഥാൻ' ആഗോള നിക്ഷേപ ഉച്ചകോടിയുടെ ഭാഗമായി രാജസ്ഥാനിലെ വ്യവസായ വാണിജ്യ മന്ത്രി രാജ്യവർദ്ധൻ റാത്തോഡ് ഇന്നലെ ഖത്തറിലെ ദോഹയിൽ നിക്ഷേപകരുടെ റോഡ് ഷോ നയിച്ചു. 'റൈസിംഗ് രാജസ്ഥാൻ' ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് സമ്മിറ്റ് ഡിസംബർ 9 മുതൽ 11 വരെ ജയ്പൂരിൽ നടക്കും.

*

**************************

**************************************************************